പൊതു സീനിയോറിറ്റി ലിസ്റ്റിൽനിന്നും നികത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊമോഷൻ തസ്തികകളിലേയ്ക്ക് ഡി.പി.സി. കൂടി പ്രൊമോഷൻ നടത്തി നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.*

ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം നൽകുന്നതിന് നടപടി

220 (3247) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) G.O. (MS) 109/2018/എച്ച്&എഫ്.ഡബ്ല്യു.ഡി. പ്രകാരം ആശ്രിത നിയമനത്തിന് ഉത്തരവായ ആർക്കെങ്കിലും നാളിതുവരെ നിയമനം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

നിയമനം നൽകിയിട്ടില്ല. ടി ഉത്തരവ് പ്രകാരം നിയമനാനുവാദം ലഭിച്ച ഉദ്യോഗാർഥിയുടെ നിയമനത്തിനുള്ള ടേൺ എത്തിയിട്ടില്ല.

(ബി) ആരോഗ്യ വകുപ്പിൽ അപേക്ഷ സമർപ്പിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ആശ്രിത നിയമനം നൽകാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞവർക്ക് അടിയന്തരമായി നിയമന ഉത്തരവ് നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) OA (EKM) 280/2019 നമ്പർ കേസ്സുമായി ബന്ധപ്പെട്ട MA(EKM) 898/2019, OA.No.2141/2018 നമ്പർ കേസ് എന്നിവയിലെ യഥാക്രമം27-5-2019-ലെയും 1-7-2019-ലെയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ ഒരു വർഷം 5% ഒഴിവുകൾ മാത്രം ആശ്രിതനിയമനം നൽകുന്നതിനായി പരിമിതപ്പെടുത്തി സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. ആശ്രിതനിയമനത്തിനുള്ള അപേക്ഷ തീയതി അടിസ്ഥാനമാക്കിയുള്ള ഉദ്യോഗാർത്ഥികളുടെ മുൻഗണനാപട്ടികയുടെ അടിസ്ഥാനത്തിലാണ് നിയമനം നൽകിവരുന്നത്. നിലവിൽ ക്ലാർക്ക് തസ്തികയിൽ 238 പേർക്ക് ആശ്രിത നിയമന പ്രകാരം നിയമനം നൽകാൻ ബാക്കി നിൽക്കുന്നുണ്ട്. ഒഴിവുകൾ വരുന്ന മുറയ്ക്ക് ആശ്രിത നിയമനം യഥാവിധി നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly